(സി) പകർച്ചവ്യാധികൾ ഭീഷണിയായതുമുതൽ പ്രസിദ്ധീകരണത്തിനായി വിവരങ്ങൾ നൽകിത്തുടങ്ങി. എല്ലാ പ്രസ് റിലീസുകളും ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്.

(ഇ) ആരോഗ്യവകുപ്പിൽ നിന്നും അനുവദിച്ച തുക പ്രധാനമായും അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിനും ലബോറട്ടറി ടെസ്റ്റു കിറ്റുകൾ വാങ്ങുന്നതിനും, പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോഗിംഗ് മെഷീൻ, സ്പ്രെയർ എന്നിവയ്ക്കും ഐ.ഇ.സി. പ്രവർത്തനങ്ങൾക്കുമാണ് ചിലവഴിക്കുന്നത്. ചെലവഴിക്കപ്പെട്ട തുകയുടെ കണക്കുകൾ ക്ലോസ് ചെയ്ത ശേഷമേ കൃത്യമായ ചെലവ് കണക്കാക്കാൻ കഴിയൂ.

കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് ചികിത്സയ്ക്ക് എത്തിയവർ

93 (3846) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എത്ര പേരാണ് ഡെങ്കിപ്പനി ബാധിച്ച് ചികിത്സ തേടിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ ഡങ്കിപ്പനി ബാധിച്ച് ആരെങ്കിലും മരണപ്പെട്ടതായി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കാസർകോട് ജില്ലയിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 51 പേർ ഡങ്കിപ്പനിയ്ക്ക് ചികിത്സ തേടിയിട്ടുണ്ട്.

(ബി) ഇല്ല.

എയ്ഡ്സ് രോഗികൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടികൾ

94 (3847) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡ്സ് രോഗബാധിതർക്ക് ആശ്വാസം നൽകുന്നതിനായി എന്തെല്ലാം പരിപാടികളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് എയ്ഡ്സ് രോഗികൾക്ക് മാത്രമായി ചികിൽസാ കേന്ദ്രങ്ങളുണ്ടോ ;

(സി) എയ്ഡ്സ് ബാധിതർക്കു സൗജന്യമായി ഔഷധങ്ങളും മാർഗ്ഗനിർദ്ദേശവും നൽകുമോ ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളും സർക്കാർ ഏജൻസികളും യോജിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly